# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1954 08/12/2014 ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി, എന്നീ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;<br><br>ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., എന്നിവിടങ്ങളിലെ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, സെക്യൂരിറ്റി ജീവനക്കാർ എന്നിവർക്ക് പൊതുലിസ്റ്റ് തയ്യാറാക്കുന്നതുപോലെ ഈ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും<br><br>ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനു മുന്നോടിയായി ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വരുത്തേണ്ടതുണ്ട്. പി.എസ്.സി. ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ കഴിയില്ല. പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| സി) ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ക്ലെറിക്കൽ തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള പ്രമോഷൻ 10% എന്നത് സെക്രട്ടേറിയറ്റിലും പി.എസ്.സി.യിലും നടപ്പാക്കുമോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നതിന് പി.എസ്.സി. എന്തെങ്കിലും മറുപടി സർക്കാരിനു നൽകിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതു വ്യക്തമാക്കുമോ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ